## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 522** — **08-10-2024 - ൽ മറുപടിയ്ക്ക്**

## ആശാവർക്കർമാരുടെ ഓണറേറിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആശാവർക്കർമാർക്ക് നിലവിൽ നൽകുന്ന ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിശദാംശം നൽകുമോ; | (എ) | **ആശമാർക്ക് ഒരു നിശ്ചിത തുക വേതനമായി നൽകുന്നില്ല മറിച്ച് വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ നൽകുന്ന 7000/- രൂപ പ്രതിമാസ ഓണറേറിയവും, കേന്ദ്ര സർക്കാർ നൽകുന്ന 2000/- രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ഇതുകൂടാതെ 2022 ഏപ്രിൽ മുതൽ ആശമാർക്ക് പ്രതിമാസം 200/- രൂപ ടെലിഫോൺ അലവൻസും നൽകി വരുന്നു. 2015 ജൂലൈ മുതൽ ആശമാർക്ക് ആശാകിരണം ആശ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതു പ്രകാരം 105/- രൂപ വാർഷിക പ്രീമിയത്തിൽ 5 ലക്ഷം രൂപയുടെ അപകട മരണത്തിനും, 3 ലക്ഷം രൂപയുടെ പൂർണ്ണ അംഗവൈകല്യത്തിനും, 1 ലക്ഷം രൂപയുടെ ഭാഗീക അംഗവൈകല്യത്തിനും, അപകട/ അസുഖത്തിനോടു അനുബന്ധിച്ച ആശുപത്രി ചെലവിന് 20,000/- രൂപയുടെയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് 2000/- രൂപയുടെയും സ്വാഭാവിക മരണ സംസ്കാര കർമ്മത്തിന് 50,000/- രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷയാണ് ആശമാർക്ക് നൽകുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ 29 പേർക്ക് ഇൻഷ്വറൻസ് ക്ലെയിം നൽകിയിട്ടുണ്ട്. ഇതിൽ 20 സാധാരണ മരണങ്ങൾക്കും ഒരു അപകടമരണത്തിനും 8 അപകടങ്ങൾക്കും ക്ലെയിം ലഭ്യമാക്കിയിട്ടുണ്ട്. ആശമാർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി PMJJBY (പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന), PMSBY (പ്രധാനമന്ത്രി സുരക്ഷ ഭീമ യോജന), PM-SYM (പ്രധാനമന്ത്രി ശ്രം യോഗി മാൻ ധൻ യോജന) എന്നീ പദ്ധതികളിൽ അംഗങ്ങളാക്കിയിട്ടുണ്ട്, PMJJBY ൽ 13750 ആശമാരും PMSBY ൽ 15050 പേരും PM-SYM ൽ 3550 പേരും അംഗങ്ങളായിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (ബി) | ഇതിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | **ആശാ വർക്കേഴ്സിനുള്ള ഹോണറേറിയം മുഴുവനായും സംസ്ഥാന സർക്കാർ വിഹിതമാണ്. ഇൻസെന്റീവും സാമൂഹിക സുരക്ഷാ പദ്ധതിയിലെ വിഹിതം എന്നത് 60 : 40 എന്ന രീതിയിൽ കേന്ദ്രവും സംസ്ഥാന സർക്കാരും നൽകി വരുന്നു.** |
| (സി) | ആശാവർക്കർമാരുടെ ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **ആശാ വർക്കർമാരുടെ ഓണറേറിയം 6000/- രൂപയിൽ നിന്നും 7000/- രൂപയായി 2023 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വരത്തക്ക രീതിയിൽ G.O (Rt) No.397/2024/H&FWD dtd 09.02.2024 പ്രകാരം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - ദേശീയ ആരോഗ്യ ദൗത്യം - ആശ പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം തുക 6000 രൂപയിൽ നിന്നും 7000 രൂപ ആയി വർദ്ധിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്

G.O.(Rt) No.397/2024/H&FWD തിരുവനന്തപുരം, തീയതി, 09-02-2024

---

പരാമർശം:- ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 12.01.2024 തീയതിയിലെ NRHM/776/CSD/2014/SPMSU നമ്പർ കത്ത്.

ഉത്തരവ്

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായ ആശാ വർക്കർമാർക്ക് നിലവിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന പ്രതിമാസ ഓണറേറിയം തുകയായ 6,000/- രൂപയിൽ 1000/- രൂപയുടെ വർദ്ധനവ് സർക്കാർ പ്രഖ്യാപിച്ചിരുന്നുവെന്നും പ്രസ്തുത വർദ്ധനവ് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കണമെന്നും പരാമർശിത കത്ത് പ്രകാരം ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 2023 ഡിസംബർ മാസം മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ ആശ പ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം നിലവിലുള്ള 6000/- രൂപയിൽ നിന്നും 7000/- (ഏഴായിരം രൂപ മാത്രം) രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വിവര- പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ ) വൈഡ് പബ്ലിസിറ്റിക്ക്
ധനകാര്യ വകുപ്പ് (E.2672336):HLT-A1/15/2024-FIN Dated 01.02.2024)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-FW1/8/2024-HEALTH)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എസ്- ന്